"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കൊച്ചി നഗരസഭ - വക്കീൽ ഫീസ് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.2722/2022/LSGD തീയതി,തിരുവനന്തപുരം, 07-11-2022

---

പരാമർശം:- (1) സ.ഉ.(എം.എസ്.)നം.36/16/തസ്വഭവ തീയതി 18.02.2016.

(2) കൊച്ചി നഗരസഭാ സെക്രട്ടറിയുടെ 31.08.2021, 11.01.2021 തീയതികളിലെ എം.ഒ.പി 8/23536/2020 നമ്പർ കത്ത്.

(3) നഗരകാര്യ ഡയറക്ടറുടെ 03.02.2022-ലെ എൽ-17135/2021 നമ്പർ കത്ത്.

**ഉത്തരവ്**

ബ്രഹ്മപുരം ഖരമലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതു സംബന്ധിച്ച് G.J.Eco Power എന്ന സ്ഥാപനം കൊച്ചി നഗരസഭയ്ക്ക് എതിരെ ഫയൽ ചെയ്ത WP(C)11850/2020 നമ്പർ കേസ് വിധിക്കെതിരെ ടി സ്ഥാപനം ഫയൽ ചെയ്ത WA No.1685/20 എന്നതിൽ നഗരസഭയുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിന് പ്രസ്തുത കേസ് മുതിർന്ന അഭിഭാഷകനായ ശ്രീ.രഞ്ജിത് തമ്പാനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും അദ്ദേഹത്തിന് വക്കീൽ ഫീസായ 1,00,000/- (ഒരു ലക്ഷം രൂപ മാത്രം) രൂപ അനുവദിക്കണമെന്നുമാവശ്യപ്പെട്ട് കൊച്ചി നഗരസഭ സെക്രട്ടറിയുടെ സൂചന (2)-ലെ അപേക്ഷ പരിഗണനയ്ക്കായി നഗരകാര്യ ഡയറക്ടർ സൂചന (3) പ്രകാരം ലഭ്യമാക്കിയിരിക്കുന്നു.

(2) സൂചന (1) ലെ ഉത്തരവ് പ്രകാരം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിലവിലുള്ള കേസുകൾക്ക് കേസൊന്നിന് 15,000/- രൂപ വരെ വക്കീൽ ഫീസ് അനുവദിക്കുന്നതിനും 50,000/- രൂപ വരെ വകുപ്പദ്ധ്യക്ഷന്മാരുടെ അനുമതിയ്ക്ക് വിധേയമായി ഈ ഇനത്തിൽ ചെലവഴിയ്ക്കുന്നതിനും, 50,000 രൂപയ്ക്ക് മുകളിലുള്ള തുക വക്കീൽ ഫീസായി ചെലവഴിക്കുന്നതിന് സർക്കാരിന്റെ അനുമതി തേടേണ്ടതാണെന്നും ഉത്തരവായിട്ടുണ്ട്.

(3) മാലിന്യ സംസ്കരണം വളരെ പ്രധാനപ്പെട്ട വിഷയം ആയതിനാൽ ഇതൊരു പ്രത്യേക കേസായി പരിഗണിച്ച്, WA No.1685/20 എന്നതിൽ നഗരസഭയുടെ താത്പര്യങ്ങൾ

സംരക്ഷിക്കുന്നതിന് പ്രസ്തുത കേസ് നടത്തുന്നതിന് ചുമതലപ്പെടുത്തിയ മുതിർന്ന അഭിഭാഷകനായ ശ്രീ.രഞ്ജിത് തമ്പാന് വക്കീൽ ഫീസായ 1,00,000/- (ഒരു ലക്ഷം രൂപ മാത്രം) രൂപ അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHERLI P
സ്പെഷ്യൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കൊച്ചി നഗരസഭ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്1) / (ഓഡിറ്റ് II), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഐ&പി.ആർ. (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**Signed by Prasanth C**
**Date: 08-11-2022 11:11:29**
സെക്ഷൻ ഓഫീസർ

പകർപ്പ്:-തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.